ഗവൺമെന്റിന്റെ സഹായത്തോടെ കുടുംബശ്രീയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ്, സാമൂഹ്യക്ഷേമ വകുപ്പ് എന്നിവയുടെ കൂട്ടായ ശ്രമത്തിലൂടെ കുടുംബശ്രീ ഇതിനായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്.

ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

29 (1221) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക ദുർബല വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് പര്യാപ്തമാണോ എന്നറിയിക്കാമോ ?

ഉത്തരം

സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പാക്കി വരുന്ന ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ പരമാവധി തുക സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

സംയോജിത ശിശുവികസന പരിപാടികൾ

30 (1222) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശുവികസന പരിപാടികൾ ത്രിതല പഞ്ചായത്തിൻകീഴിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇത്തരത്തിൽ പഞ്ചായത്തുകളുടെ കീഴിലായാൽ ഈ പദ്ധതിയുടെ കാര്യക്ഷമത വർദ്ധിക്കുമെന്നും അതുവഴി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശുവികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അംഗൻവാടികളുടെ നിയന്ത്രണം, മേൽനോട്ടം, അംഗൻവാടികളുടെ കെട്ടിടനിർമ്മാണം, പദ്ധതിയുടെ നടത്തിപ്പിന് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കൽ, അംഗൻവാടികൾ മുഖാന്തിരമുള്ള പോഷകാഹാര വിതരണം എന്നിവ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly